## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ 17.02.2016–ലെ യോഗ നടപടിക്കുറിപ്പ്

യോഗം ഉച്ചകഴിഞ്ഞ് 2 മണിക്ക് ബഹു. ഗ്രാമവികസന വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നിയമസഭാ മന്ദിരത്തിലെ 610–ാം നമ്പർ ഹാളിൽ ആരംഭിച്ചു. ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയും സന്നിഹിതനായിരുന്നു.

സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 10.02.2016–ലെ മിനിട്സ് അംഗീകരിച്ചു

**2. പൊതുവിഷയങ്ങൾ**

**2.1** തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2015–16 പദ്ധതി ഭേദഗതി ഫെബ്രുവരി 24 വരെ ദീർഘിപ്പിക്കുന്നതിന് അനുമതി നൽകി.

**2.2** 2016–17 വർഷത്തെ പദ്ധതി തയ്യാറാക്കുമ്പോൾ അനുബന്ധം IV ലെ തുകയുടെ അടിസ്ഥാനത്തിലായിരിക്കണം തയ്യാറാക്കേണ്ടത്. ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം കൂടുതൽ തുക ലഭിക്കുമ്പോൾ അതിനനുസരിച്ച് മാറ്റം വരുത്താവുന്നതാണ്.

**2.3** വാർഷിക പദ്ധതി തയ്യാറാക്കുന്ന സമയത്തുതന്നെ ഐ.എ.വൈക്ക് പണം മാറ്റി വയ്ക്കണമെന്ന നിർദ്ദേശത്തോടൊപ്പം സാനിട്ടേഷന് ആവശ്യമായ തുക നീക്കി വയ്ക്കുന്നതിനും നിർദ്ദേശിച്ചു. 2015–16 ൽ നടപ്പാക്കാത്ത പ്രോജക്ട് ഭേദഗതി ചെയ്ത ഇതിനുള്ള തുക കണ്ടെത്താനും നിർദ്ദേശിച്ചു.

**2.4** വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ഓട്ടോറിക്ഷകൾ നൽകുന്നതിന് 11.01.2016–ലെ തസ്വഭവ.സർക്കാർ ഉത്തരവ് (എം.എസ്)4/2016 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളിലും കുറഞ്ഞത് 10 ഓട്ടോറിക്ഷ എങ്കിലും നൽകുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഇതിലേയ്ക്കായി കുടുംബശ്രീയുടെ പ്ലാൻ "മിത്ര" തയ്യാറാക്കുന്ന പ്രോജക്ടുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഉപയോഗിക്കേണ്ടതാണ്

ഈ പദ്ധതി പ്രകാരം വാങ്ങിക്കുന്ന ഓട്ടോറിക്ഷകൾക്ക് മാർക്കറ്റ് വിലയെക്കാൾ കുറഞ്ഞ വില നിശ്ചയിക്കുന്നതിനും വനിത ഡ്രൈവർമാർക്ക് സൗജന്യ പരിശീലനം നൽകുന്നതിനും സബ്സിഡി കഴിച്ചിട്ടുള്ള തുക ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നതിനും വേണ്ടി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചു തീരുമാനിച്ചു.

1. വിവിധ കമ്പനികളുമായി ചർച്ച ചെയ്ത് ഏറ്റവും കുറഞ്ഞ നിരക്കിൽ ഓട്ടോറിക്ഷയുടെ വില നിശ്ചയിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയും, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറും കുടുംബശ്രീ പ്രതിനിധികളും ഉൾപ്പെട്ട സമിതി നടപടികൾ സ്വീകരിക്കുന്നതാണ്.
2. 10 ശതമാനത്തിൽ അധികരിക്കാത്ത പലിശ നിരക്കിൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലോൺ ലഭ്യമാക്കേണ്ടതാണ്.
3. ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്ന വനിതകളുടെ ഡ്രൈവിംഗ് പരിശീലനം, ലൈസൻസ് ബാഡ്ജ് എന്നിവ ലഭിക്കുന്നതിനുള്ള നടപടികൾ കുടുംബശ്രീ സ്വീകരിക്കേണ്ടതാണ്.
4. തെരഞ്ഞെടുക്കപ്പെടുന്ന വാഹനത്തിന്റെ ഒരു വർഷത്തെ ആക്സിഡന്റ് ഇൻഷ്വറൻസ് സൗജന്യമായി നൽകേണ്ടതും വാഹനത്തിന്റെ പിരിയോഡിക് മെയിന്റനൻസ്, പ്രോജക്ട് ട്രെയിനിംഗ്, ഒരു വർഷത്തേയ്ക്കുള്ള സൗജന്യ സർവീസ്, കസ്റ്റമർ കെയർ സർവീസ് സംബന്ധിച്ച സൗജന്യ മെഡിക്കൽ കിറ്റുകൾ, അംഗത്തിനും കുടുംബത്തിനും സൗജന്യ മെഡിക്കൽ ക്ലയിം ഇൻഷ്വറൻസ്, വാഹനത്തിന് any time and any where support എന്നിവ സൗജന്യമായി നൽകേണ്ടതാണ്. ഇതിന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

2.4 എം.ജി.എൻ.ആർ.ഇ.ജി.എസ് എടുക്കുന്ന പ്രോജക്ടുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വികസന പദ്ധതികളുമായി സംയോജിപ്പിച്ച് നടപ്പാക്കേണ്ട താണെന്ന് പദ്ധതി മാർഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇതു പാലിച്ചു കാണുന്നില്ല. 25ശതമാനം നിർമ്മാണ പ്രവർത്തനങ്ങളിലെങ്കിലും ഇപ്രകാരം സംയോജനം നടപ്പാക്കിയാൽ മാത്രമേ 2016–17 സാമ്പത്തിക വർഷത്തേയ്ക്കുള്ള പദ്ധതികൾക്ക് ഡി.പി.സി. അംഗീകാരം നൽകാവൂ എന്ന് നിർദ്ദേശിച്ചു. ഇതിനുവേണ്ട കൂടുതൽ നിർദ്ദേശങ്ങൾ നൽകുന്ന തിന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെയും സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറെയും ചുമതലപ്പെടുത്തി.

2.5 ഐ.കെ.എം.ലെ മാനവശേഷിയും സാങ്കേതികതയും ഉപയോഗ പ്പെടുത്തി തദ്ദേശഭരണ സ്ഥാപനങ്ങളുടെയും അനുബന്ധ സ്ഥാപന ങ്ങളുടെയും കമ്പ്യൂട്ടർ, ഇലക്ട്രോണിക് അധിഷ്ഠിത ഉപകരണങ്ങളുടെ പർച്ചേസും ഇൻസ്റ്റലേഷൻ, റിപ്പയറിംഗ്, ആനുവൽമെയിന്റനൻസ് കോൺട്രാക്ട് എന്നിവയ്ക്കും ഐ.കെ.എം.നെ ചുമതലപ്പെടുത്തി തീരുമാനിച്ചു. ഇതിനുവേണ്ട വിശദമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

2.6 ഐ.കെ.എം.ന്റെ പ്രവർത്തനം പുനഃസംഘടിപ്പിക്കുന്നതിന് നിയമിച്ച കമ്മിറ്റി ഐ.കെ.എം.ന്റെ പ്രവർത്തനത്തിനുവേണ്ട ഫണ്ട് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ നൽകേണ്ടതാണെന്ന് ശുപാർശ ചെയ്യുകയുണ്ടായി. അതിൻപ്രകാരം ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും അവയ്ക്ക് ലഭിക്കുന്ന പ്ലാൻ ഫണ്ടിന്റെ 0.25% വും ജില്ലാ പഞ്ചായത്തുകളും, ബ്ലോക്ക് പഞ്ചായത്തുകളും പ്ലാൻ ഫണ്ടിന്റെ 0.1%വും നിർബന്ധമായും മാറ്റി വയ്ക്കേണ്ടതാണെന്ന് തീരുമാനിച്ചു.

2.7 കാസർഗോഡ് ജില്ലാ പഞ്ചായത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ സഹായമായി അനുവദിക്കുന്ന 2 ലക്ഷം രൂപയ്ക്ക് പുറമെ എൻഡോസൾഫാൻ ബാധിത പ്രദേശങ്ങളിലെ ഭിന്നശേഷി യുള്ളവർക്കും തടസ്സ രഹിത ഭവന നിർമ്മാണ സഹായത്തിന് 12.01.2014–ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം ഇനം 3.12 പ്രകാരം 1 ലക്ഷം രൂപ കൂടി അധികമായി അനുവദിച്ചിരുന്നു. പ്രത്യേക ഉത്തരവ് ഇല്ലാത്തതിനാൽ അടിയന്തിരമായി ഇതു സംബന്ധിച്ച് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു. ഇത്തരം ഭവന പദ്ധതികളുടെ നിർവഹണ ഉദ്യോഗസ്ഥനായി വി.ഇ.ഒ മാരെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.

## 3 പ്രത്യേക വിഷയങ്ങൾ

### 3.1 കൊച്ചി കോർപ്പറേഷൻ (ഫയൽനം. 60/ഡി.സി.3/16/തസ്വഭവ)

കൊച്ചി കോർപ്പറേഷനിൽ ജംഗാർ ജെട്ടി നിർമ്മിക്കുന്നതിന് കൊച്ചിൻ പോർട്ട് ട്രസ്റ്റിനെ ഡിപ്പോസിറ്റ് വർക്കിനായി ചുമതല ഏർപ്പിക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.2 മുതുവല്ലൂർ ഗ്രാമപഞ്ചായത്ത് (ഫയൽനം. 72/ഡി.എ2 /16/തസ്വഭവ)

മുതുവല്ലൂർ ഗ്രാമപഞ്ചായത്തിൽ നിന്നും ആവശ്യപ്പെട്ട പ്രകാരം സർട്ടിഫിക്കറ്റ് നൽകുന്നതിൽ വിമുഖത കാണിച്ച പട്ടികജാതി ആഫീസർ ക്കെതിരെ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചു. അടുത്ത കമ്മിറ്റികളിൽ എസ്.സി. വകുപ്പു ഡയറക്ടർ പങ്കെടുക്കുന്നതിനും നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 ചമ്പക്കുളം ഗ്രാമപഞ്ചായത്ത് (ഫയൽനം. 44/ഡി.എ2/16/തസ്വഭവ)**

പൊതു ടാപ്പുകളും , ഹോസുകളും പഞ്ചായത്ത് വാങ്ങി നൽകണ മെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്നും വാട്ടർ അതോറിട്ടി വഴിയാണ് ജല വിതരണം നടപ്പിലാക്കേണ്ടതെന്നും നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 കേരള പഞ്ചായത്ത് പാലിയേറ്റീവ് നഴ്സസ് അസോസിയേഷന്റെ നിവേദനം (ഫയൽനം. 27/ഡി.എ1/16/തസ്വഭവ)**

നിശ്ചിത യോഗ്യത ഇല്ലാത്ത നിലവിലുള്ള നഴ്സുമാർക്ക് യോഗ്യത നേടുന്നതിന് കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടായിരുന്നു. അതിന് മാറ്റം വരുത്തേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 ബഹു. ഒറ്റപ്പാലം എം.എൽ.എ ശ്രീ. എം. ഹംസയുടെ കത്ത്**

ശ്രീകൃഷ്ണപുരത്ത് പണി പൂർത്തിയാക്കിയ ചിൽഡ്രൻസ് പാർക്കിന് പഞ്ചായത്തുകൾ സംഭാവന നൽകണമെന്ന ആവശ്യം പരഗണനാർഹമല്ല എന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത്**

45 കിലോ മീറ്ററിലധികം സഞ്ചരിച്ചാൽ മാത്രം 1100 രൂപ വാടക അനുവദിക്കണമെന്ന മാർഗരേഖയിലെ തീരുമാനം മാറ്റണമെന്ന ആവശ്യം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 പാനൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 31/ഡി.ഡി2/16/തസ്വഭവ)**

പഞ്ചായത്ത് ആഫീസ് വ്യാവസായിക എസ്റ്റേറ്റിനുവേണ്ടി നിർമ്മിച്ച കെട്ടിടത്തിയേല്ക്ക് മാറ്റുന്നത് സംബന്ധിച്ച് കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കേണ്ട വിഷയമല്ലെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 മലപ്പുറം ജില്ലാ പഞ്ചായത്ത്**

ഒരു ഭരണ സമിതി എടുക്കുന്ന ബഹു വർഷപ്രോജക്ടുകൾ ഭരണ സമിതിയുടെ കാലാവധി തീരുമ്പോൾ 15 ശതമാനത്തിൽ കൂടുതൽ ബാക്കിയാകരുതെന്ന ഉദ്ദേശത്തോടെയാണ് തീരുമാനമെടുത്തിട്ടുള്ളതെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 മലപ്പുറം ജില്ലാ പഞ്ചായത്ത്**

പ്രതീക്ഷ പദ്ധതിയിലെ ആവശ്യങ്ങൾ പരിശോധിച്ച് ഉറപ്പു വരുത്തിയശേഷം നിലവിലുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി സുതാര്യത ഉറപ്പാക്കി നടപ്പിലാക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 തൃശൂർ ജില്ലാ പഞ്ചായത്ത്**

രണ്ടു തവണ ഭേദഗതി ചെയ്ത പദ്ധതികൾ വീണ്ടു ഭേദഗതി ചെയ്യുന്നതു സംബന്ധിച്ച് 10.02.2016–ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം 2.4 ബാധകമാണെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 പട്ടാമ്പി നഗരസഭ**

നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന പ്രീപ്രൈമറി സ്ക്കൂളുകളിലെ കുട്ടികൾക്ക് ഭക്ഷണം നൽകുന്നതിന് അനുവാദം ആവശ്യപ്പെട്ടത് അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12പാവറട്ടി ഗ്രാമപഞ്ചായത്ത്**

എളവള്ളി ഗ്രാമപഞ്ചായത്തിൽ സ്ഥലം വാങ്ങാൻ അനുവദിക്കുന്നത് സംബന്ധിച്ച ആവശ്യത്തിന്മേൽ തുടർന്നുള്ള ആനുകൂല്യങ്ങൾ സ്ഥലം വാങ്ങിയ പഞ്ചായത്തുകളിൽ നിന്ന് ലഭ്യമാക്കണം എന്ന വ്യവസ്ഥയിൽ അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് (ബഹു. തിരുവമ്പാടി എം.എൽ.എ ശ്രീ. സി.മോയിൻകുട്ടി മുഖേന)**

ബ്ലോക്കിനു കീഴിലുള്ള എല്ലാ അംഗനവാടികൾക്ക് കെട്ടിടവും, കളികോപ്പുകളും അടിസ്ഥാന സൗകര്യവും ഉറപ്പു വരുത്തിയതിനുശേഷം ഇപ്പോൾ നിർദ്ദേശിച്ച തരത്തിലുള്ള മാറ്റങ്ങളെക്കുറിച്ച് ആലോചിക്കാമെന്ന് നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 മലപ്പുറം ജില്ലാ പഞ്ചായത്ത്**

പൊതു വിഷയം 2.3 തീരുമാനം ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 കടമക്കുടി ഗ്രാമപഞ്ചായത്ത്**

പഞ്ചായത്തിന്റെ ആവശ്യത്തിൽ വ്യക്തതയില്ലെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്**

സമ്പൂർണ്ണ ജൈവ പച്ചക്കറിക്കൃഷി പദ്ധതിക്ക് അംഗീകാരം നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 കാരശ്ശേരി ഗ്രാമപഞ്ചായത്ത് (ബഹു. തിരുവമ്പാടി എം.എൽ.എ ശ്രീ. സി.മോയിൻകുട്ടി മുഖേന)**

ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സം ഒഴിവാക്കുന്നത് സംബന്ധിച്ച് വകുപ്പുതല തീരുമാനമെടുക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

. (നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 പട്ടാമ്പി നഗരസഭ**

2016–17 ൽ എൽ.പി. സ്ക്കൂളിൽ പ്രവേശനം പ്രതീക്ഷിക്കുന്ന 300 കുട്ടികൾക്ക് കുട, ബാഗ് എന്നിവ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് (ബഹു. കൊണ്ടോട്ടി എം.എൽ.എ ശ്രീ. കെ. മുഹമ്മദുണ്ണിഹാജി മുഖേന)**

സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ എത്തുന്ന രോഗികൾക്ക് മരുന്നു വാങ്ങുന്നത് 18.06.2015–ലെ 6966/ജെ1/2015/H&FWDസർക്കുലർ വ്യവസ്ഥ പ്രകാരം നടപ്പിലാക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 കാളികാവ് ബ്ലോക്ക് പഞ്ചായത്ത്**

ബ്ലോക്ക് പഞ്ചായത്തിന് ഐ.എ.വൈ ഷെയർ വയ്ക്കുന്നതിന് മതിയായ ഫണ്ടില്ലെങ്കിൽ ഗ്രാമ/ജില്ലാ പഞ്ചായത്തുകൾക്ക് അധിക തുക അനുവദിക്കുന്നതിന് നിർദ്ദേശമുള്ളതായി നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 കാളികാവ് ബ്ലോക്ക് പഞ്ചായത്ത്**

ഗ്രാമ പഞ്ചായത്തുകൾ നടപ്പിലാക്കേണ്ട പദ്ധതികളായതിനാൽ ബ്ലോക്ക് പഞ്ചായത്ത് ആവശ്യമായ സപ്പോർട്ട് നൽകുന്നതിന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 ഫറോക്ക് നഗരസഭ**

ഈ വർഷം നടപ്പിലാക്കാൻ സാധിക്കുകയില്ലെന്ന് നിർവഹണ ഉദ്യോഗസ്ഥൻ നിർദ്ദേശിച്ച പദ്ധതികൾ ഒഴിവാക്കി ജപ്പാൻ കുടിവെള്ള പദ്ധതിക്ക് പണം നൽകുന്നതിന് അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 പത്തനംതിട്ട ജില്ലാ പഞ്ചായത്ത്**

വാഹനം വാങ്ങുന്നത് സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥ പാലിക്കുന്നതിന് നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.24 പിണ്ടിമന ഗ്രാമപഞ്ചായത്ത് (ബഹു. കോതമംഗലം എം.എൽ.എ. ശ്രീ.റ്റി.യു. കുരുവിള മുഖേന)**

സ്റ്റേഡിയത്തിന് സ്ഥലം വാങ്ങുന്നതിന് അധികമായ 9 ലക്ഷം രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.25 അതിരമ്പുഴ ഗ്രാമപഞ്ചായത്ത്**

നിലവിലെ ബിറ്റുമിന്റെ മാർക്കറ്റ് നിരക്ക് എസ്റ്റിമേറ്റ് നിരക്കിനെക്കാൾ കുറവായതിനാൽ കുറഞ്ഞ നിരക്ക് നൽകുന്നതിന് അനുവദിക്കണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.26 ഇന്ത്യൻ യൂണിയൻ ദളിത് ലീഗിന്റെ കത്ത്**

പട്ടികജാതി/പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങുന്നതു സംബന്ധിച്ച് പട്ടികജാതി/പട്ടികവർഗ വകുപ്പിൽ നിലവിലുള്ള രീതി ബാധകമായിരിക്കുമെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.27 വടകര ബ്ലോക്ക് പഞ്ചായത്ത്**

ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ചെലവഴിക്കുകയില്ല എന്ന വ്യവസ്ഥയിൽ വോളിഗ്രാമം 2016-ന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.28 ഓമശ്ശേരി ഗ്രാമപഞ്ചായത്ത്**

പ്രൈമറി സ്ക്കൂളുകളിലെ കുട്ടികളെ എത്തിക്കുന്നതിന് വാഹന വാടകയായി പി.ടി.എ നൽകുന്നതിനുള്ള 1 ലക്ഷം രൂപയുടെ പദ്ധതി 2015 -16 വർഷത്തിലേയ്ക്ക് മാത്രം അനുമതി നൽകി. വാടക വാഹനം തിരഞ്ഞെടുക്കുന്നതും വാടക തുക നിശ്ചയിക്കുന്നതും സുതാര്യമായിരിക്കണമെന്നും നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.29 കോട്ടയം ജില്ലാ കളക്ടറുടെ കത്ത്**

10.02.2016-ലെ കോഓർഡിനേഷൻ കമ്മിറ്റി ഇനം 3.13 തീരുമാന ത്തോടൊപ്പം ത്രിതല പഞ്ചായത്തുകളും മുനിസിപ്പാലിറ്റിയും സംയുക്തമായി പണി നടപ്പിലാക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.30 എൻ.ആർ.ഇ. ജി.എസ് ഫണ്ട്**

പൊതു തീരുമാനം 2.4 ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.31 കോഴിക്കോട് ജില്ലാ പഞ്ചായത്ത്**

റോഡ് നവീകരണവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് വകുപ്പുതലതീരുമാനം കൈക്കൊള്ളുന്നതിന് നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.32 ആലപ്പുഴ ജില്ലാ പഞ്ചായത്ത്**

2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ എസ്.സി. കോളനി നിർമ്മാണം മുട്ടാർ ഗ്രാമപഞ്ചായത്ത് എന്ന് പദ്ധതിയുടെ പേര് രേഖപ്പെടുത്താത്തതിനാൽ അംഗീകാരം നിഷേധിച്ച സാഹചര്യത്തിൽ ചെമ്പട എസ്.സി. കോളനി റോഡും കലുങ്കും എന്ന് ചേർക്കുന്നതിന് അനുമതി നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.33 ഐ.കെ.എം. ഡയറക്ടറുടെ കത്ത്**

പൊതു വിഷയം 2.5 തീരുമാനം ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.34 ഐ.കെ.എം. ഡയറക്ടറുടെ കത്ത്**

പൊതു വിഷയം 2.6 തീരുമാനം ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.35 കേരള സ്റ്റേറ്റ് ഹാൻഡിക്യാപ്ഡ് പേഴ്സൺസ് വെൽഫയർ കോർപ്പറേഷൻ ലിമിറ്റഡ്**

പൊതു വിഷയം 2.7 തീരുമാനം ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.36 കില ഡയറക്ടറുടെ കത്ത്**

കില, കതിരൂർ ഗ്രാമപഞ്ചായത്തുമായി ചേർന്ന് എൻ.ആർ.ഐ ഗ്രാമസഭ രൂപീകരിച്ച് വിദേശത്ത് ജോലി ചെയ്യുന്ന തദ്ദേശീയരെ കൂടി വികസനത്തിന് സഹകരിപ്പിക്കുന്നതിന് പ്രത്യേക കോഡ് അനുവദിക്കുന്നതിനും ഐ,കെ.എംനെ ചുമതലപ്പെടുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.37 വി.പി. സജീന്ദ്രൻ എം.എൽ.എ.യുടെ കത്ത്**

ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ്മാർക്ക് വാഹനം അനുവദിക്കുന്നത് സംബന്ധിച്ച് അടുത്ത മീറ്റിംഗിൽ ചർച്ച ചെയ്യാനായി മാറ്റി വച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.38 ഊരകം ഗ്രാമപഞ്ചായത്ത്(ബഹു. വ്യവസായ ഐ.ടി വകുപ്പുമന്ത്രിയുടെ കത്ത്)**

ഊരകം ഗ്രാമപഞ്ചായത്തിലെ ഐ.എ.വൈ. ലിസ്റ്റിൽ ഉൾപ്പെടാത്ത അർഹരായ ഗുണഭോക്താക്കൾക്കുവേണ്ടി പ്രത്യേക ഭവന പദ്ധതി ഏറ്റെടുക്കാൻ അനുവദിക്കണമെന്ന ആവശ്യം നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി നടപ്പാക്കാൻ അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(വൈകുന്നേരം 3.15-ന് അവസാനിച്ചു)

**അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗം 2016 ഫെബ്രുവരി 24 ന് ഉച്ചകഴിഞ്ഞ് 2.30 മണിക്ക് ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ അസംബ്ലി ചേമ്പറിൽ കൂടുന്നതിന് തീരുമാനിച്ചു.**